**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 693** **26-07-2021 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച കുണ്ടുചിറ പാലം, പുളിഞ്ഞോളിക്കടവ് പാലം എന്നീ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് ഇതുവരെ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച കുണ്ടുചിറപാലം, പുളിന്തോളിക്കടവ് പാലം എന്നീ പ്രവൃത്തികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. കുണ്ടുചിറ പാലം പ്രസ്തുത പ്രവൃത്തിക്ക് 30.06.2016 തീയതിയിലെ G.O(Rt)No. 1496/2016 /PWDനമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. 19.09.2017 തീയതിയിലെ ഉത്തരവ് നമ്പർ APR-1/174/2017/KIIFB പ്രകാരം 10.17 കോടി രൂപയുടെ കിഫ്ബിയുടെ ഭരണാനുമതിയും നൽകി. ഇൻലാൻഡ് നാവിഗേഷൻ റൂട്ട് ആയതിനാൽ അലൈൻമെന്റിൽ വ്യത്യാസം വരുന്നത് കൊണ്ട് അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു. ആയതു പ്രകാരം ഡിസൈൻ പുതുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പുതുക്കിയ ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്ക് കിഫ്ബിയുടെ പുതുക്കിയ അനുമതി ലഭ്യമാക്കി ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ച്, സാങ്കേതികാ-നുമതി ലഭ്യമായ ശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. പുളിന്തോളിക്കടവ് പാലം പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഇൻലാൻഡ് നാവിഗേഷൻ റൂട്ട് ആയതിനാൽ അലൈൻമെന്റിൽ വ്യത്യാസം വരുന്നതു കൊണ്ട് റീഡിസൈൻ ചെയ്യേണ്ടതുണ്ട്. അതനുസരിച്ചുള്ള ഡിസൈൻ പുതുക്കിയതിനു ശേഷം കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി വിശദമായ പദ്ധതി രേഖ സമർപ്പിക്കേണ്ടതുണ്ട്. പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങൾ ആണ് ഉള്ളതെന്നും ആയത് ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് | (ബി) | തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച കുണ്ടുചിറപാലം, പുളിന്തോളിക്കടവ് പാലം എന്നീ പ്രവൃത്തികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | | കുണ്ടുചിറ പാലം പ്രസ്തുത പ്രവൃത്തിക്ക് 30.06.2016 തീയതിയിലെ G.O(Rt)No. 1496/2016 /PWDനമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. 19.09.2017 തീയതിയിലെ ഉത്തരവ് നമ്പർ APR-1/174/2017/KIIFB പ്രകാരം 10.17 കോടി രൂപയുടെ കിഫ്ബിയുടെ ഭരണാനുമതിയും നൽകി. ഇൻലാൻഡ് നാവിഗേഷൻ റൂട്ട് ആയതിനാൽ അലൈൻമെന്റിൽ വ്യത്യാസം വരുന്നത് കൊണ്ട് അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു. ആയതു പ്രകാരം ഡിസൈൻ പുതുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പുതുക്കിയ ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്ക് കിഫ്ബിയുടെ പുതുക്കിയ അനുമതി ലഭ്യമാക്കി ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ച്, സാങ്കേതികാ-നുമതി ലഭ്യമായ ശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. പുളിന്തോളിക്കടവ് പാലം പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഇൻലാൻഡ് നാവിഗേഷൻ റൂട്ട് ആയതിനാൽ അലൈൻമെന്റിൽ വ്യത്യാസം വരുന്നതു കൊണ്ട് റീഡിസൈൻ ചെയ്യേണ്ടതുണ്ട്. അതനുസരിച്ചുള്ള ഡിസൈൻ പുതുക്കിയതിനു ശേഷം കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി വിശദമായ പദ്ധതി രേഖ സമർപ്പിക്കേണ്ടതുണ്ട്. പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ